പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2696 — 19.12.2012-ൽ മറുപടിക്ക്.

## നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീമതി ഇ. എസ്. ബിജിമോൾ :<br>ശ്രീ. വി. ശശി : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാർക്ക് മിനിമം വേതനം ബാധകമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ വിഭാഗക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 1999 മെയ് മാസം മുതൽ മിനിമം വേജസ് ബാധകമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് മിനിമം വേതന നിയമപ്രകാരമുള്ള വേതനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) മിനിമം വേതനം ലഭിക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ 12.11.2011 മുതൽ സംസ്ഥാനത്തുടനീളം പ്രൈവറ്റ് ആശുപത്രികളിൽ സ്ക്വാഡ് പരിശോധന നടത്തി വരുന്നു. ടി പരിശോധനകളിൽ കണ്ടെത്തിയ നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ മിനിമം വേതനം നടപ്പിലാക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തുകയും വേതനം നൽകാത്ത ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) പ്രസ്തുത മേഖലയിൽ മിനിമം വേതനനിയമം പാലിക്കാത്തവരുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) പരിശോധനാവേളയിൽ കണ്ടെത്തുന്ന, മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ, നോട്ടീസ് നൽകി കുടിശ്ശിക സഹിതമുള്ള വേതനം നൽകാൻ നിർദ്ദേശിക്കാറുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രോസിക്യൂഷൻ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.